# Syro-Malabar Eparchy of St Thomas, the Apostle, Melbourne

MY LORD MY GOD

Prot. No. MPL: 7/24/3 14 February 2024

## സർക്കുലർ

**മിശിഹായിൽ പ്രിയപ്പെട്ട വൈദീകരേ, സഹോദരി സഹോദരന്മാരേ, കുഞ്ഞുമക്കളേ,**

തന്റെ ജീവിതം ശരിയായ ദിശയിൽ അല്ലെന്നു തോന്നിയ ധനികനായ ഒരു വ്യക്തിയെക്കുറിച്ചുള്ള കഥയുണ്ട്: അയാൾ ജീവിതത്തിൻറെ തിരക്കിനിടയിൽ തന്റെ നഷ്ടപ്പെട്ടുപോയ വിശ്വാസ ജീവിതത്തിലേക്ക് മടങ്ങുവാൻ ആഗ്രഹിച്ചു. തന്റെ പാപങ്ങൾ നിരവധിയാണെന്നും അതുകൊണ്ട് ഒരു വൈദികന് മാത്രമേ അയാളുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുവാൻ കഴിയുകയുള്ളുവെന്നും അയാൾ ഉറച്ചു വിശ്വസിച്ചു.

ഒരു ദിവസം വളരെ നന്നായി ഒരുങ്ങിയ ശേഷം ഒരു വൈദികന്റെ പക്കൽ അദ്ദേഹം തന്റെ പാപങ്ങളെല്ലാം തുറന്നു പറഞ്ഞു. പാപങ്ങളെല്ലാം ശ്രവിച്ച ശേഷം വൈദികൻ അയാളെ ആശ്വസിപ്പിച്ചു, എന്നിട്ട് പറഞ്ഞു "താങ്കൾ ദൈവത്തിൽ നിന്നും സഹോദരങ്ങളിൽ നിന്നും ഏറെ അകന്നിരിക്കുന്നു. അതുകൊണ്ട് പാപപരിഹാരമായി 50 ദിവസം തുടർച്ചയായി വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് ദൈവത്തോട് മാപ്പപേക്ഷിക്കുകയും ദൈവാനുഗ്രഹം തേടുകയും ചെയ്യുക".

ഇത് കേട്ട് ആ ധനികൻ മറുപടി പറഞ്ഞു: "പിതാവേ ഞാൻ തിരക്കുള്ള ഒരു വ്യക്തിയാണ് എല്ലാ ദിവസവും വിശുദ്ധ കുർബാനയ്ക്ക് പോകുവാൻ എനിക്ക് സാധിക്കുകയില്ല, എനിക്ക് മറ്റെന്തെങ്കിലും പാപപരിഹാരം തരിക". വൈദികൻ പറഞ്ഞു: "എങ്കിൽ 50 ദിവസം ഉപവസിക്കുന്നത് നല്ലതാണ്". പക്ഷേ ആ ധനികൻ വൈദികനോട് വീണ്ടും അപേക്ഷിച്ചു: "പിതാവേ, ഞാൻ രാവിലെ മുതൽ വൈകുന്നേരം വരെ വളരെയധികം ജോലി ചെയ്യുന്ന ആളാണ്. ഉപവാസം എടുത്താൽ അത് എന്റെ ആരോഗ്യത്തെ ബാധിക്കും, എൻറെ ജോലിയെയും ബാധിക്കും. അതുകൊണ്ട് മറ്റൊരു ഉപദേശം നൽകുകയാണെങ്കിൽ ഞാൻ സന്തുഷ്ടനായിരിക്കും".

വൈദികൻ തുടർന്നു: "എങ്കിൽ വിശുദ്ധ ഗ്രന്ഥത്തിലെ ഓരോ അധ്യായങ്ങൾ രാവിലെയും വൈകിട്ടും തുടർച്ചയായി വായിക്കുക". അപ്പോഴും അയാൾ ഒഴിവ് പറയുവാൻ തുടങ്ങി: "പിതാവേ കൃത്രിമ വെളിച്ചത്തിൽ രാവിലെയും വൈകുന്നേരവും വായിക്കുവാൻ പ്രയാസമുള്ള ആളാണ് ഞാൻ".

അവസാനം വൈദികൻ അയാളുടെ ചെവിയിൽ സ്നേഹപൂർവ്വം മന്ത്രിച്ചു: "ഉല്പത്തി പുസ്തകം ,മൂന്നാം അധ്യായം പത്തൊൻപതാം തിരുവചനം നീ ഇടയ്ക്കിടെ ആവർത്തിക്കുക. ആ വചനം ഇപ്രകാരമാണ്: "മനുഷ്യാ നീ മണ്ണാകുന്നു,മണ്ണിലേക്ക് നീ മടങ്ങും".

ആ ധനികൻ സന്തോഷപൂർവ്വം സ്വഭവനത്തിലേക്ക് മടങ്ങി.അല്പദിവസത്തിനുശേഷം അയാൾ തിരികെ വന്ന് വൈദികനോട് പറഞ്ഞു: "ഇപ്പോൾ എനിക്ക് എല്ലാ ദിവസവും ദേവാലയത്തിൽ പോകുവാനും, വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാനും, വിശുദ്ധ ഗ്രന്ഥം വായിക്കുവാനും, ഉപവസിക്കുവാനും സാധിക്കുന്നുണ്ട്. ഈ ഭൂമിയിലെ എൻറെ ദിവസങ്ങൾ എണ്ണപ്പെട്ടതാണെന്നുള്ള ബോധ്യം എൻറെ ജീവിതത്തെ മാറ്റിമറിച്ചു. ഒത്തിരി നന്ദി".

വിഭൂതി തിങ്കളാഴ്ച ദിവസം വൈദികൻ ഭസ്മം കൊണ്ട് നമ്മുടെ നെറ്റിയിൽ കുരിശു വരച്ചപ്പോൾ ഗായകസംഘം ആവർത്തിച്ച് പാടിയത് ഇപ്രകാരമാണ് :

മനുഷ്യാ നീ മണ്ണാകുന്നു,
മണ്ണിലേക്ക് മടങ്ങും നൂനം,
അനുതാപ കണ്ണുനീർ വീഴ്ത്തി
പാപപരിഹാരം ചെയ്തുകൊൾക നീ.

ഭാരിച്ച ഉത്തരവാദിത്വങ്ങൾക്കും ജീവിതത്തിൻറെ തിരക്കിനുമിടയിൽ നമുക്ക് നഷ്ടപ്പെട്ടു പോകുന്ന ഒരു സുപ്രധാനകാര്യം ദൈവവുമായുള്ള അടുപ്പവും സഹോദരങ്ങളുമായുള്ള ബന്ധവുമാണ്.

ദൈവത്തോട് കൂടുതൽ അടുക്കുവാനും ദൈവീക കാര്യങ്ങളിൽ വ്യാപൃതരാകുവാനും കുടുംബാംഗങ്ങളോടും സഹോദരങ്ങളോടും കൂടുതൽ ഐക്യപ്പെടുവാനും ദൈവം നൽകിയ മനോഹരമായ ഒരു അവസരമാണ് ഈ വലിയ നോമ്പുകാലം.

ലോകം കണ്ടതിൽ വച്ച് ഏറ്റവും മികച്ച അധ്യാപകനായ ഈശോമിശിഹായുടെ ഏറ്റവും ശ്രദ്ധിക്കപ്പെട്ട പ്രത്യേകത ഈശോ ജീവിച്ചത് പഠിപ്പിച്ചു, പഠിപ്പിച്ചത് ജീവിച്ചു എന്നുള്ളതാണ്. മരുഭൂമിയിൽ 40 ദിവസം നീണ്ടുനിന്ന ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ഈശോ നാഥൻ നമ്മെ പഠിപ്പിച്ചത് നമ്മുടെ ജീവിതത്തിൽ പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും പരിത്യാഗ പ്രവത്തികളുടെയും ആവശ്യങ്ങളെ കുറിച്ചാണ്.

ജീവിതത്തിൽ കാതലായ മാറ്റങ്ങൾ, പരിവർത്തനങ്ങൾ എന്നിവ ഉണ്ടാകണമെങ്കിൽ ബോധപൂർവമായ ശ്രമം നമ്മുടെ ഭാഗത്തുനിന്ന് ആവശ്യമാണ്. നോമ്പിന്റെ 50 ദിവസങ്ങളും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും, ഉപവിയുടെയും ദിനങ്ങളായി മാറ്റുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. സാധിക്കുന്നിടത്തോളം ഈ ദിവസങ്ങളിലെ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാനും അതുപോലെതന്നെ ഈ നോമ്പ് കാലത്ത് നാം സംഘടിപ്പിക്കുന്ന വാർഷിക ധ്യാനത്തിൽ മുടങ്ങാതെ പങ്കെടുക്കുവാനും, ആത്മാർത്ഥമായ കുമ്പസാരത്തിലൂടെ ദൈവവുമായും സഹോദരങ്ങളുമായും ഐക്യപ്പെടുവാനും ആഴപ്പെടുവാനും നമുക്ക് സാധിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ എട്ടു മാസക്കാലമായി ഞാൻ നമ്മുടെ രൂപതയിലെ വിവിധങ്ങളായ ഇടവകകളും മിഷനുകളും സന്ദർശിച്ചു കൊണ്ടിരിക്കുകയായിരുന്നു. എനിക്ക് വളരെ അഭിമാനം തോന്നിയ ദിവസങ്ങൾ ആയിരുന്നു. നിങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തിനും സ്നേഹത്തിനും കരുതലിനും ഞാൻ നന്ദി പറയുന്നു. എൻറെ സന്ദർശന വേളയിൽ പലരും ചോദിച്ച ഒരു ചോദ്യം രൂപതയുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചും ഭാവി പ്രവർത്തനത്തെക്കുറിച്ചുമാണ്.

നമ്മുടെ രൂപത ആത്മീയവും ഭൗതികവുമായ വളർച്ചയുടെ പാതയിലാണ്. അടിസ്ഥാനപരമായ നമ്മുടെ ആവശ്യങ്ങൾ നിരവധിയാണ്. ഈ രൂപത നമ്മുടെ സ്വന്തമാണെന്നും ഈ രൂപതയുടെ വളർച്ച നമ്മുടെ തന്നെ വളർച്ചയാണെന്നും കരുതുന്നവരാണ് നിങ്ങൾ. അതിൽ എനിക്ക് സന്തോഷമുണ്ട്.

ദൈവാനുഗ്രഹത്താൽ ധാരാളം യുവജനങ്ങളും കുട്ടികളും ഉള്ള രൂപതയാണ് നമ്മുടേത്. അതുകൊണ്ടുതന്നെ അവരുടെ ഭാവിയെ കുറിച്ചുള്ള ചിന്തകൾ നമുക്ക് ഓരോരുത്തർക്കും ഉണ്ടാകണം.

നമ്മുടെ യുവജനങ്ങൾക്കും കുട്ടികൾക്കും ആത്മീയമായ വളർച്ചയ്ക്ക് ഉപകരിക്കുന്ന ധാരാളം പ്രവർത്തനങ്ങൾ നമുക്കിനിയും ആസൂത്രണം ചെയ്യേണ്ടതുണ്ട്. അവർക്ക് ഭാവിയിൽ ആത്മീയ നേതൃത്വം നൽകുവാൻ ധാരാളം വൈദികരെ ആവശ്യമുണ്ട്. ഭാവിയിൽ നമ്മുടെ രൂപതയ്ക്ക് ആത്മീയ നേതൃത്വം നൽകേണ്ട വൈദികരെ കണ്ടെത്തുകയും വൈദിക വിദ്യാർഥികളെ പഠിപ്പിക്കുകയും ചെയ്യുക എന്നുള്ളത് എൻറെയും നിങ്ങളുടെയും വലിയൊരു ഉത്തരവാദിത്വമാണ്.

ഇപ്പോൾ നമ്മുടെ രൂപതക്കുവേണ്ടി വിവിധ സെമിനാരികളിലായി 18 വൈദിക വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. നമ്മളുടെ വൈദിക വിദ്യാർഥികൾ പഠിക്കുന്നത് മെൽബണിലും സിഡ്നിയിലും റോമിലും ഇന്ത്യയിലുമുള്ള വിവിധ സെമിനാരികളിലുമാണ്. അതുകൊണ്ടുതന്നെ പഠന ചെലവും ഭാരിച്ചതാണ്. നമ്മുടെ രൂപതയ്ക്ക് അത് താങ്ങാവുന്നതിന് അപ്പുറമുള്ള ചിലവാണ്. ഒപ്പം തന്നെ നമ്മുടെ യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടിയുള്ള വിവിധങ്ങളായ ആത്മീയശുശ്രൂഷകൾ നടത്തുന്നതിനും അതിന് നേതൃത്വം കൊടുക്കുന്നതിനും നിങ്ങളുടെ ആത്മാർഥമായ സഹകരണം അത്യാവശ്യമാണ്.

അതുകൊണ്ട് ഈ നോമ്പുകാലത്ത് നാം ഉപവാസത്തിലൂടെയും പരിത്യാഗപ്രവർത്തിയിലൂടെയും കണ്ടെത്തുന്ന തുക നമ്മുടെ വൈദിക വിദ്യാർഥികളുടെ പഠന ചെലവിനായും, സെമിനാരി നടത്തിപ്പിനായിട്ടും അതുപോലെതന്നെ നമ്മളുടെ യുവജനങ്ങളുടേയും കുട്ടികളുടെയും ആത്മീയ ശുശ്രൂഷയ്ക്ക് ഉതകുന്ന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കുന്നതാണ്. ഇക്കാര്യങ്ങൾക്കായി നിങ്ങൾ ഉദാരമായി രൂപതയെ സഹായിക്കുമെന്ന് എനിക്ക് ഉറപ്പാണ്.

നമ്മുടെ രൂപതയിലെ സാധിക്കുന്ന കുടുംബങ്ങൾ ഒരു വൈദിക വിദ്യാർത്ഥിയുടെ ഒരു മാസത്തേയോ ഒരു വർഷത്തേയോ പഠന ചെലവ് സ്പോൺസർ ചെയ്യുവാനായി ആഗ്രഹിക്കുന്നുവെങ്കിൽ ദയവായി നിങ്ങളുടെ വികാരിയച്ചനെയോ എന്നെയോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ രൂപതയുടെ ഈ ആവശ്യങ്ങൾക്കായി Bishop’s Lenten Appeal എന്ന പേരിൽ ഒരു കവർ നിങ്ങളുടെ ഓരോരുത്തരുടെയും ഭവനങ്ങളിൽ ഇടവക കമ്മിറ്റിക്കാർ എത്തിക്കുന്നതായിരിക്കും. നിങ്ങളുടെ പേരും, തുകയും, തന്നിരിക്കുന്ന കവറിൽ പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്. ആർക്കെങ്കിലും രസീത് ആവശ്യമുണ്ടെങ്കിൽ രൂപത

കേന്ദ്രത്തിൽ നിന്നും അവ നൽകുന്നതായിരിക്കും. ഇപ്രകാരം നമുക്ക് ലഭിക്കുന്ന തുകയുടെ വരവ് ചിലവ് കണക്കുകൾ അടുത്തവർഷം നിങ്ങളെ അറിയിക്കുന്നതായിരിക്കും.

നമ്മുടെ രൂപതയുടെ വളർച്ചയിൽ നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും ഞാൻ പ്രതീക്ഷിക്കുന്നു. എല്ലാവരോടും മുൻകൂട്ടി നന്ദി പറയുന്നു. അനുഗ്രഹപ്രദമായ ഒരു നോമ്പുകാലം നിങ്ങൾക്കേവർക്കും നേരുന്നു.

നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപയും ,പിതാവായ ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടും കൂടി ഉണ്ടായിരിക്കട്ടെ!

**മിശിഹായിൽ,**

**മാർ ജോൺ പനംതോട്ടത്തിൽ C.M.I**

ഈ സർക്കുലർ 2024 ഫെബ്രുവരി 18–ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേ താണ്.